ഭരണഭാഷ-മാതൃഭാഷ

ICDS/B2-4601/20(1)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 07-10-2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് – സംയോജിത ശിശു വികസന സേവന പദ്ധതി – സംസ്ഥാന അവാർഡ് 2019-20 – നോമിനേഷനുകൾ ക്ഷണിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന :
1. 04-11-2000ലെ GO(Rt) No.372/2000/SWD നമ്പർ കത്ത്.
2. 17-11-2009-ലെ 81/2001/SWD നമ്പർ ഉത്തരവ്.
3. 19.06.2020ലെ സ.ഉ (സാധാ) നം. 255/2020/സാനീവ നം കത്ത്

സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിനുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സൂചന (1) പ്രകാരം അവാർഡ് നിർണ്ണയത്തിനായി ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം അങ്കണവാടി ഹെൽപ്പർമാർ, വർക്കർമാർ, സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ, ജില്ലാ കളക്ടർ എന്നിവർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

ICDS പദ്ധതിയുടെ കീഴിലുള്ള അങ്കണവാടി പ്രവർത്തകരുടെ സന്നദ്ധ സേവനത്തിന് മുൻതൂക്കം നൽകി അവരെ ആദരിക്കുന്നതിന്റെ ഭാഗമായാണ് ഈ അവാർഡ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ICDS പ്രോജക്ടുകളിൽ നിന്നുമായി 37 അങ്കണവാടി വർക്കർമാർ, 37 അങ്കണവാടി ഹെൽപ്പർമാർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതായുണ്ട്. ICDS-മായി ബന്ധപ്പെട്ട പ്രവർത്തന മികവ് കണക്കിലെടുത്ത് സംസ്ഥാനത്തെ ഓരോ ജില്ലയിൽ നിന്നുമായി 14 ICDS സൂപ്പർവൈസർമാർ, ഒരു ശിശു വികസന പദ്ധതി ഓഫീസർ, ഒരു ജില്ലാ പ്രോഗ്രാം ഓഫീസർ, ഒരു ജില്ലാകളക്ടർ എന്നിവർക്ക് 2019-20 വർഷത്തെ സംസ്ഥാന അവാർഡ് നൽകുന്നു.



Sk/

2019-20 വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ (ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക് അടിസ്ഥാനമാക്കി) അങ്കണവാടി പ്രവർത്തകരുടേയും ICDS സൂപ്പർവൈസറുടേയും നോമിനേഷനുകൾ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും ക്രൈറ്റീരിയ പ്രകാരമുള്ള മാർക്കും ബ്ലോക്ക്തല സെലക്ഷൻ കമ്മിറ്റിയുടെ മിനിട്സും സഹിതം **ഒക്ടോബർ 25നകം** ജില്ലാ പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ബ്ലോക്ക്തല സെലക്ഷൻ കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്/മുനിസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയർ | ചെയർമാൻ |
| 2 | മെഡിക്കൽ ഓഫീസർ, CHC/ബ്ലോക്ക് PHC | അംഗം |
| 3 | ICDS സൂപ്പർവൈസർമാർ | അംഗങ്ങൾ |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | കൺവീനർ |

അങ്കണവാടി പ്രവർത്തകരെ തെരഞ്ഞെടുക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ ഘടന താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് | ചെയർമാൻ |
| 2 | നഗരസഭാ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ (ആസ്ഥാന നഗരസഭ) | അംഗം |
| 3 | ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 4 | അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ | അംഗം |
| 5 | ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം |
| 6 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 7 | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | അംഗം |
| 8 | ജില്ലാതല പ്രോഗ്രാം ഓഫീസർ | കൺവീനർ |



Sk/

ജില്ലാതല യോഗം ചേർന്ന് 2019-20ലെ നോമിനേഷനുകൾ സംസ്ഥാന അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അങ്കണവാടി വർക്കർ, ഹെൽപ്പർ, സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവരുടെ പേരുകൾ ഉൾപ്പെടുത്തിയ ലിസ്റ്റ്, ജില്ലാതല കമ്മിറ്റിയുടെ മിനിട്സ്, ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക്ഷീറ്റ് എന്നിവ ആമുഖ കത്ത് സഹിതം നവംബർ **25ന്** മുൻപായി ഈ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ജില്ലാ പ്രോഗ്രാം ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നാമ നിർദ്ദേശങ്ങൾ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള രേഖകൾക്കൊപ്പം **നവംബർ 12**-നകം സർപ്പിച്ചാൽ മതിയാകും. സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ ജില്ലാതലത്തിൽ വ്യാപക പ്രചാരണം നൽകേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും ലഭിക്കുന്ന നോമിനേഷനുകൾ വർക്കർ, ഹെൽപ്പർ, സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിങ്ങനെ പ്രത്യേക വിഭാഗങ്ങളായി നൽകേണ്ടതാണ്. ഓരോ വിഭാഗത്തിന്റേയും നോമിനേഷൻ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡപ്പട്ടികയും സെലക്ഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വനിത ശിശു വികസന ഡയറക്ടർ

1) എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും.
2) എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.
3) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.



Sk/

**അങ്കണവാടി വർക്കർ/ഹെൽപർമാർക്കുള്ള സംസ്ഥാന അവാർഡ് തെരെഞ്ഞെടുപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

**ഓരോ ജില്ലക്കും അനുവദിക്കേണ്ട അവാർഡുകളുടെ എണ്ണം**

| ക്രമ നം | ജില്ല | ICDS പ്രോജക്റ്റുകൾ | വർക്കർ | ഹെൽപർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 3 | 3 |
| 2 | കൊല്ലം | 21 | 3 | 3 |
| 3 | പത്തനംതിട്ട | 12 | 2 | 2 |
| 4 | ആലപ്പുഴ | 15 | 3 | 3 |
| 5 | കോട്ടയം | 15 | 2 | 2 |
| 6 | ഇടുക്കി | 13 | 1 | 1 |
| 7 | എറണാകുളം | 23 | 4 | 4 |
| 8 | തൃശ്ശൂർ | 23 | 4 | 4 |
| 9 | പാലക്കാട് | 21 | 3 | 3 |
| 10 | മലപ്പുറം | 29 | 4 | 4 |
| 11 | കോഴിക്കോട് | 21 | 4 | 4 |
| 12 | വയനാട് | 8 | 1 | 1 |
| 13 | കണ്ണൂർ | 21 | 2 | 2 |
| 14 | കാസർഗോഡ് | 12 | 1 | 1 |

**തെരഞ്ഞെടുക്കേണ്ട രീതി**

a) 2019-20 വർഷത്തെ സംസ്ഥാന അവാർഡിനുള്ള നോമിനേഷൻ ക്ഷണിച്ചുകൊണ്ടുള്ള കത്ത് എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും പ്രോജക്റ്റ്തല യോഗങ്ങളിൽ (on line flatform ഉപയോഗിച്ച്) വായിച്ച് ചർച്ച ചെയ്യേണ്ടതും ഓരോ ശിശു വികസന പദ്ധതി ഓഫീസറും അതത് പ്രോജക്റ്റിൽ നിന്നും ഓരോ വിഭാഗത്തിലേക്കും ഓരോ നോമിനേഷൻ ജില്ലാതല കമ്മറ്റിയുടെ പരിഗണനയ്ക്ക് നൽകേണ്ടതുമാണ്.



Sk/

b) ഓരോ പ്രോജക്ടിലേയും അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമ (ക്രൈറ്റീരിയ)യുടെ അടിസ്ഥാനത്തിൽ സസൂക്ഷ്മം വിലയിരുത്തി ശിശു വികസന പദ്ധതി ഓഫീസർമാർ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതാണ്.

c) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനും ബ്ലോക്ക് PHC/CHC മെഡിക്കൽ ഓഫീസർ, സൂപ്പർവൈസർമാർ എന്നിവർ അംഗങ്ങളും, ശിശു വികസന പദ്ധതി ഓഫീസർമാർ കൺവീനറുമായുള്ള സമിതി യോഗം ചേർന്ന് പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് മിനിട്സ് സഹിതം ശിശു വികസന പദ്ധതി ഓഫീസർമാർ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് 2020 ഒക്ടോബർ 25നകം ശുപാർശ നൽകേണ്ടതാണ്.

d) പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർമാർ ശുപാർശ ചെയ്തിരിക്കുന്ന അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ അങ്കണവാടി കൾ സന്ദർശിച്ച് ക്രൈറ്റീരിയ അനുസരിച്ചാണോ ശുപാർശകൾ നൽകിയി രിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതും ഓരോ പ്രോജക്ടിൽ നിന്നുമുള്ള ശുപാർശകൾ ശിശു വികസന പദ്ധതി ഓഫീസർമാരുടെ യോഗത്തിൽ ചർച്ചചെയ്ത് വിലയിരുത്തേണ്ടതും വിവരം മിനിട്സിൽ രേഖപ്പെടു ത്തേണ്ടതുമാണ്.

e) മുൻ വർഷങ്ങളിൽ അവാർഡ് ലഭിച്ചവരെ യാതൊരുകാരണവശാലും ശുപാർശ ചെയ്യാൻ പാടില്ല.

f) നിർദ്ദിഷ്ട സമയ പരിധിയ്ക്കുള്ളിൽ പ്രോഗ്രാം ഓഫീസർക്ക് ലഭിക്കുന്ന നോമിനേഷനുകൾ ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ മുമ്പാകെ പ്രോഗ്രാം ഓഫീസർ സമർപ്പിക്കേണ്ടതും കമ്മിറ്റി അവ സസൂക്ഷ്മം വിലയിരുത്തിയ ശേഷം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ഓരോ അവാർഡിനും ആനുപാതികമായി നോമിനേഷനുകൾ സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്യേണ്ടതുമാണ്.

g) ഓരോ ജില്ലയിലും അവാർഡിനുവേണ്ടി ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റും, ലഭ്യമായ റാങ്ക് സഹിതം ഹാജരാക്കിയിട്ടുള്ള കമ്മിറ്റി അംഗങ്ങളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള മിനിട്സും



Sk/

അന്യത്ര ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ ഓരോ വിഭാഗത്തിലുംപ്പെട്ട ജീവനക്കാരുടേയും മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടെ നോമിനേഷനുകൾസഹിതം **നവംബർ-25ന് മുമ്പായി** ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ വനിതാ ശിശു വികസന ഡയറക്ടറേറ്റിലേക്ക് അയച്ചുതരേണ്ടതാണ്.

h) ആമുഖ കത്തിൽ മുൻഗണനാ ക്രമത്തിൽ ശുപാർശ ചെയ്യുന്ന വർക്കർ, ഹെൽപ്പർമാരുടെ **സെന്റർ നമ്പർ, പ്രോജക്ടിന് പേര്, പഞ്ചായത്ത്, ക്രൈറ്റീരിയ പ്രകാരമുള്ള മാർക്ക്, റാങ്ക്, അവാർഡിന് പരിഗണിക്കാവുന്ന പ്രവർത്തനങ്ങൾ** എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

i) വ്യക്തമായ ശുപാർശയോ മുൻഗണനാ ക്രമമോ ഇല്ലാതെയും നിശ്ചിത സമയം കഴിഞ്ഞും ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

j) പതിനാല് ജില്ലാ പ്രോഗ്രാം ഓഫീസർമാരിൽ നിന്ന് നേരത്തെ അവാർഡ് നേടാത്ത എല്ലാ പ്രോഗ്രാം ഓഫീസർമാരും നോമിനേഷൻ സമർപ്പിക്കേണ്ടതാണ്. ഒരു ജില്ലയിൽ കുറഞ്ഞത് ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. പ്രോഗ്രാം ഓഫീസർമാർ SNP, Pre-School, അങ്കണവാടി നിർമ്മാണത്തിനായി ഭൂമി കണ്ടെത്തൽ, പുറമ്പോക്ക് ഭൂമി ലഭിച്ചതിന്റെ എണ്ണം, PMMVY, NNM പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ പ്രവർത്തന റിപ്പോർട്ടും, സെൽഫ് അസസ്മെന്റ് റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്ന് വിവിധ പദ്ധതിക്കായി അനുവദിക്കുന്ന തുകയുടെ സമയബന്ധിതമായ ചെലവഴിക്കലും LSGD മുഖാന്തിരം നടപ്പിലാക്കുന്ന നൂതന പദ്ധതി നിർവ്വഹണവും അവാർഡിനായി പരിഗണിക്കുന്നതാണ്.

k) ICDS രംഗത്തെ പ്രവർത്തനങ്ങൾക്ക് മികച്ച നേതൃത്വം നൽകുക, അങ്കണവാടികളുടെ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തി നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ കാഴ്ച്ച വച്ച ജില്ലാ കളക്ടർമാർ നേരിട്ടോ, പ്രോഗ്രാം ഓഫീസർ മുഖാന്തിരമോ ജില്ലാ കളക്ടർക്കുവേണ്ടി പ്രോഗ്രാം ഓഫീസർ തയ്യാറാക്കിയതോ ആയ നോമിനേഷൻ ഡോക്യുമെന്റേഷൻ സഹിതം വനിതാ ശിശുവികസന ഡയറക്ടർക്ക് നവംബർ-25ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.



Sk/

l) അച്ചടക്ക നടപടിയ്ക്ക് വിധേയരായവരെ യാതൊരു കാരണവശാലും അവാർഡിനായി പരിഗണിക്കാൻ പാടുള്ളതല്ല.

m) 75% കുറഞ്ഞ് അങ്കണവാടി സന്ദർശനം നടത്തിയ സൂപ്പർവൈസർമാരെ അവാർഡിനായി പരിഗണിക്കേണ്ടതില്ല.

വനിത ശിശു വികസന ഡയറക്ടർ

**ഉള്ളടക്കം:** ഓരോ വിഭാഗത്തിന്റെയും സെലക്ഷൻ ക്രൈറ്റീരിയ.

NB: സൂചന (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോവിഡ് വ്യാപനം കാരണം സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി മൂലം വർക്കർ, ഹെൽപ്പർ വിഭാഗങ്ങൾക്ക് മാത്രമേ 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന അവാർഡ് മൊമന്റോയ്ക്കും സാക്ഷ്യപത്രത്തിനുമൊപ്പം സമ്മാന തുക ലഭിക്കുകയുള്ളു. മറ്റു വിഭാഗങ്ങൾക്ക് മൊമന്റോയും സാക്ഷ്യ പത്രവും മാത്രമേ സമ്മാനമായി നൽകുകയുള്ളു.



Sk/

**പ്രൊഫോർമ**

| ജില്ല | ക്രമ നം | പേര് | തസ്തിക | ICDS പ്രോജക്ടിൻറെ പേര് | പഞ്ചായത്ത് | റാങ്ക് | ബാങ്ക് അക്കൗണ്ട് നമ്പർ/ബ്രാഞ്ച് | IFS Code | അവാർഡിന് അർഹമായ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | 1.<br>2.<br>3.<br>4. |
| | | | | | | | | | 1.<br>2.<br>3.<br>4 |



Sk/

**Criteria for selection**

**For Anganwadi Workers**

| l. o. | Criteria | Rating [on point basis] | Source document |
|---|---|---|---|
| | No. of days AWC was opened in a year: | 10 ( 280 – 300+ days)<br>7 ( 260-279 days)<br>5 ( 240-259 days) | SNP Register |
| | Number of Home visits against target | 10 ( 5 visits/day)<br>7 (3-4 visits/day)<br>5 ( 2 visits/day) | Home visit diary |
| | (a) No. of days morning snack provided to Children (3-6 years) in a year | 2 ( 280 – 300+ days)<br>1 ( 260-279 days) | SNP register |
| | (b) No. of days Hot cooked meal is provided to Children (3-6 years) in a year | 3( 280 – 300+ days)<br>2 ( 260-279 days) | SNP register |
| | (c) No. of days THR provided to Children (6-36 months) and Pregnant and lactating mothers in a year | 5 ( 280 – 300+ days)<br>3 ( 260-279 days)<br>1 ( 240-259 days) | SNP register |
| | Complete Immunization of Children under age 0-1 in Anganwadi area ( BCG 3 doses of DPT & OPV, measles with Vitamin A) | 9 ( 100% children of AWW survey register)<br>7 ( 75% - do -)<br>5 ( 50-75% - do -)<br>3 (40-50% - do -) | Immunization register |
| | Maintenance of new WHO growth chart register | 8 | WHO growth chart register |
| | %age of normal children against total children | 7 ( 80% and above)<br>5 ( 60-79%)<br>3 (50-59%) | AWW MPR |
| | Participation of communities in delivery of services under ICDS (SNP, NHED, PSE, Immunization, Health check-up and referral) | 6 ( one mark each for each service) | Certificate from CDPO giving details of community participation and how it is beneficial to ICDS |
| | Ratio of children in enrolled against no. of children in survey register | 5 ( 100% enrollment)<br>4 ( 80-99% enrollment)<br>3 ( 60-79% enrollment)<br>2 ( 50-60% enrollment) | Individual Survey register |
| | Actual attendance | 5 (80% or above of enrolment) | |
| ). | Weighing efficiency ( i.e. number of children weighedX100/total enrolled children | 5 ( 100% weighed)<br>4 (90-99% weighed)<br>3 ( 80-89% weighed) | AWW MPR |
| | % children enrolled in school w.r.t Children completed age of 5+ /6+ | 5 ( 100% enrollment)<br>4 (90-99% enrollment)<br>3 ( 80-89% enrollment) | AWW Annual report |
| | Observance of VHND | 5 | Supervisor's report |
| | Use of locally produced materials | 5 | Certificate from CDPO |

| | | | |
|---|---|---|---|
| | in promoting PSE | | giving details of innovation and how it is beneficial to ICDS. |
| 14. | Submission of MPR or HPR/ ASR to State Government. | 3 | |
| 15. | Maintenance of records, registers | 2 | Record & registers |

[Name of AWW may not be recommended whose AWC is rated as poor]

**Criteria for selection for Anganwadi Helpers**

| Sl. No. | Criteria | Rating [75 point basis] | Source document |
|---|---|---|---|
| 1. | No. of days AWC was opened in a year: | 15 ( 280 – 300+ days)<br>10 ( 260-279 days)<br>7 ( 240-259 days) | SNP Register |
| 2. | Support provided to AWW in observing VHND | 10 (in 12 VHNDs in a year)<br>7 ( 8-11 VHNDs in a year)<br>5 ( 5-7 VHNDs in a year) | Supervisor's report |
| 3. | To bring small children collecting from the village to the Anganwadi | 10 ( 300 days or more)<br>7 ( 275-299 days)<br>5 ( 240-274 days) | Supervisors recommendation on the basis of her visit to the Centre against enrolled children. |
| 4. | Support provided to AWW in preparation of study material for Pre-school education | 10 ( 300 days or more)<br>7 ( 275-299 days)<br>5 ( 240-274 days) | AWW's recommendation. |
| 5. | Support provided to AWW in weighing the children | 10 ( Every month)<br>7 ( 8-11 months)<br>5 ( 5-7 months) | AWW's recommendation. |
| 6. | (a) No. of days morning snack provided to Children (3-6 years) in a year | 5 ( 280 – 300+ days)<br>3 ( 260-279 days)<br>1 ( 240-259 days) | SNP register |
| | (b) No. of days Hot cooked meal is provided to Children (3-6 years) in a year | 5 ( 280 – 300+ days)<br>3 ( 260-279 days)<br>1 ( 240-259 days) | SNP register |
| | (c) No. of days THR provided to Children (6-36 months) and Pregnant and lactating mothers in a year | 5 ( 280 – 300+ days)<br>3 ( 260-279 days)<br>1 ( 240-259 days) | SNP register |
| 7. | Cleanliness of Children observed | 5 ( 300 days)<br>3 ( 275-299 days)<br>1 ( 240-274 days) | VHND recommendation |

Total : 75 marks

## Criteria for selection of Supervisors

Name of Supervisors :

Name of ICDS Project :

| Sl.No. | Criteria | Rating (Marks) | Source doc |
|---|---|---|---|
| 1. | Percentage of Anganwadi Centres opened for 300 days in a year | 10(90-100%)<br>7(75-85%)<br>5(60-74%) | AWW MPR |
| 2. | Average number of days Supplementary Nutrition was provided to children & pregnant and lactating mothers in a year | 10(300 days or more)<br>10(275-299 days) | AWW MPR |
| 3. | Percentage of Anganwadi Centres maintaining records register | 2(90-100%) | |
| 4. | Regular reporting consolidation of MPRs & annual report at sector level | 3(90-100%) | Annual Report |
| 5. | Percentage of Anganwadi Centres maintaining new WHO growth chart register properly | 3(90-100%) | --- |
| 6. | Percentage of children enrolled against no. of children in survey register | 5(100% enrollment)<br>4(80-99% " )<br>3(60-79% " )<br>2(50-59% " ) | Supervisors sector level consolidated report |
| 7. | Percentage of AWCs visited by Supervisor against target in a year | 15(90-100% " )<br>10(75-89% " )<br>5(60-75% " ) | MPR |
| 8. | Percentage of normal children against total children in Supervisors area | 12(80% above )<br>9(60-79% " )<br>2(50-59% " ) | AW W MPR |
| 9. | Percentage enrolled children under PSE against total children in Supervisors area | 5(80-100%) | Survey |
| 10. | Percentage of children enrolled in school w.r.t. children completed age of 5+/6+ | 5(100% enrollment)<br>4(90-99% " )<br>3(80-89% " ) | Anganwadi Workers annual report |
| 11. | Complete immunization of children under age 0-1 in Supervisors area (BCG, 3 doses of DPT & OPV, measles with vitamin A) | 9(100% children of AWW survey register)<br>7(975% " )<br>5(50-75% " )<br>3(40-50% " ) | Immunization register |
| 12. | Innovation in SNP & PSE | 10(5 marks each for SNP & PSE) | Certificate from CDPO given details of innovation of how it is beneficial to ICDS |
| 13. | Monthly Sector meeting of AWW conducted regularly | 1/2 marks for each of the meeting held | Sector level consolidation report |
| | Total Marks | | 95 |

TSS/July 20, 2017

## Criteria for selection of C.D.P.Os

Name of CDPO :

Name of Project :

| Sl. No. | Criteria | Rating (Marks) | Source document |
|---|---|---|---|
| 1. | Percentage of Anganwadi Centres opened for 300 days in a year | 10 (90-100%)<br>7 (75-89%)<br>5 (60-74%) | AWW MPR |
| 2. | Average number of days Supplementary Nutrition was provided to children & pregnant and lactating mothers in a year | 10 (300 days or more)<br>7 (275-299 days) | AWW MPR |
| 3. | Percentage of Anganwadi Centres maintaining records register | 2 (90-100%) | |
| 4. | Regular reporting consolidation of MPRs & annual report of project level. | 3 (90-100%) | AWW MPR & annual report |
| 5 | Percentage of Anganwadi Centres where functional weighing scales are available along with Who growth chart | (90-100%) | |
| 6 | Percentage of AWCs where medicine kits are available | 5 (100% available)<br>4(80-99% „ )<br>3 (60-79% „ )<br>2 (50-59% „ ) | CDPO's office Records |
| 7 | Percentage of AWCs where pre-school kits are available | 5 (100% available)<br>4(80-99% „ )<br>3 (60-79% „ )<br>2 (50-59% „ ) | CDPO's office Records |
| 8. | Percentage of AWCs visited by CDPO against target in a year | 8 (90-100%)<br>7 (75-89%)<br>5 (60-75%) | |
| 9. | Percentage of AWCs jointly visited by CDPO and Medical Officer against target in a year | 8 (90-100%)<br>7 (75-89%)<br>5 (60-75%) | CDPO's office Records |
| 10. | Percentage of normal children againt total children in project area | 5 (80% and above)<br>3 (60-79%)<br>2 (50-59%) | CDPO's office Records based on AWW MPR |
| 11. | Percentage of children enrolled in school w.r.t children completed age 3+/6+ | 5 (100% enrollment)<br>4 (90-99% „ )<br>3 (80-89% „ ) | Anganwadi Workers annual report |

| | | | |
|---|---|---|---|
| 12 | Complete immunization of children under age 0-1 in Supervisors area (BCG, 3 doses of DPT & OPV, measles with vitamin A) | 9 (100% children of AWW survey register)<br>7 (75% ,, )<br>5 (50-75% ,, )<br>3 (40-50% ,, ) | Immunization register |
| 13 | Innovations in SNP & PSE | 10 (5 marks each for SNP & PSE) | Certificate from CDPO given details of innovation & how it is beneficial to ICDS |
| 14 | Monthly project meeting of Supervisors conducted regularly | 1 marks for each of the meeting held | Project level consolidation report |
| 15 | Percentage of AWCs constructed in a year through community participation with efforts of CDPO | 5 (5% or more of AWCs)<br>3 (3.5% AWCs)<br>2 (1-3% AWCs) | CDPO Office records |